# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.246 — 09/03/2015 ൽ മറുപടിക്ക്

### ബാർകോഴകേസ് - അന്വേഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ബാർകോഴ കേസ് അന്വേഷിക്കുന്ന വിജിലൻസ് സംഘത്തിന് ലഭിച്ച, ബാറുടമകളുടെ സംസ്ഥാന നിർവ്വാഹക സമിതിയോഗത്തിന്റെ ശബ്ദരേഖയിൽ നിന്നും എന്തെല്ലാം തെളിവുകൾ വെളിവാക്കപ്പെട്ടിട്ടുണ്ട് ; വിശദമാക്കാമോ ; | (എ) അന്വേഷണാവസ്ഥയിൽ ഇരിക്കുന്ന കേസ്സിൽ എന്തെല്ലാം തെളിവുകൾ ലഭിച്ചിട്ടുണ്ട് എന്ന കാര്യം വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ബി) സാക്ഷികളായി ആരെയെല്ലാം ഇതിനകം വിജിലൻസ് സംഘം ചോദ്യം ചെയ്യുകയുണ്ടായി ; നിർവ്വാഹക സമിതി യോഗത്തിൽ സംസാരിച്ച ആരെങ്കിലും,ബന്ധപ്പെട്ട ശബ്ദരേഖയിൽ പറയുന്നതിന് വിരുദ്ധമായി നിലപാട് സ്വീകരിച്ചിട്ടുണ്ടോ; | (ബി) മുപ്പതോളം പേരെ ചോദ്യം ചെയ്തു. കേസ്സിന്റെ അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (സി) ഭരണത്തിലെ ഉന്നതതലങ്ങളിൽപ്പെട്ടവർ ആരോപിതരായ ഈ കേസിൽ ബാറുടമകൾ ആരെങ്കിലും സമ്മർദ്ദങ്ങൾക്കിടയായിട്ടുള്ള തായി അറിയാമോ ; | (സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) അഴിമതി പണം കൈപ്പറ്റിയവർ അതിന് രസീതോ തെളിവോ നല്കുകയില്ലെന്ന കാര്യം അന്വേഷണസംഘം പരിഗണിച്ചിട്ടുണ്ടോ; | (ഡി) കേസ്സുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പരിശോധിച്ചു വരുന്നു. |
| (ഇ) ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിലും, സാക്ഷി മൊഴി നൽകാൻ തയ്യാറായവരെ സമ്മർദ്ദക്കാരിൽ നിന്ന് വിമുക്തമാക്കിയും സത്യസന്ധവും വസ്തുതാപരവുമായ അന്വേഷണം ഉറപ്പാക്കിയും കോഴ വാങ്ങിയവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ? | (ഇ) വസ്തു നിഷ്ഠവും സത്യസന്ധവുമായ അന്വേഷണം ആണ് നടന്നു വരുന്നത്. |

സെക്ഷൻ ആഫീസർ